ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 12.05.2025 TIME : 12.50 PM

## പ്രധാനവാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അധ്യക്ഷതയിൽ ന്യൂഡൽഹിയിൽ ഉന്നതതല യോഗം ചേരുന്നു. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്, സൈനിക മേധാവിമാർ തുടങ്ങിയവർ പങ്കെടുക്കുന്നു

   **A high-level meeting is being held in New Delhi under the chairmanship of Prime Minister Narendra Modi. Defence Minister Rajnath Singh, Army Chiefs and others are participating.**

2. അതിർത്തിയിലെ വെടിനിർത്തൽ ധാരണ സംബന്ധിച്ച് ഇന്ത്യ- പാകിസ്ഥാൻ ഡിജിഎംഒ മാരുടെ ചർച്ച ഇന്ന്. അതിർത്തിയിൽ ജാഗ്രതയോടെ സൈന്യം.

   **India-Pakistan DGMOs to discuss ceasefire agreement on border today. Army on high alert in borders.**

3. ഇന്ത്യ - പാക് വെടി നിർത്തൽ നിലവിൽ വന്നതിനെ തുടർന്ന് രാജ്യത്തുടനീളം താത്കാലികമായി അടച്ചിട്ടിരുന്ന 32 വിമാനത്താവളങ്ങൾ തുറന്നു.

   **32 airports across the country that were temporarily closed have reopened following the implementation of the India-Pakistan ceasefire.**

4. ഇന്ത്യയുടെ ബാറ്റിങ് വിസ്മയം വിരാട് കോലി ടെസ്റ്റ് ക്രിക്കറ്റിൽ നിന്ന് വിരമിച്ചു.

   **Virat Kohli has announced his retirement from Test Cricket.**

5. **സേവനത്തിനായി സ്വന്തം ജീവിതം സമർപ്പിച്ച നഴ്സുമാരെ ശക്തിപ്പെടുത്തുകയും സംരക്ഷിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണെന്ന് കേന്ദ്ര ആരോഗ്യമന്ത്രി ജെ.പി.നഡ്ഡ.**

**Union Health Minister J.P. Nadda has said that it is essential to strengthen and protect nurses who have dedicated their lives to service.**

✪✪✪✪✪✪✪✪✪✪✪✪

## PM - MEETING

അതിർത്തിയിൽ വെടി നിർത്തൽ പ്രഖ്യാപിച്ചതിന് പിന്നാലെ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അധ്യക്ഷതയിൽ ന്യൂഡൽഹിയിൽ ഉന്നതതല യോഗം ചേരുന്നു. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്, ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ, സംയുക്ത സേനാ മേധാവി അനിൽ ചൗഹാൻ, കര-വ്യോമ-നാവിക സേനാ മേധാവിമാർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. പ്രധാനമന്ത്രിയുടെ വസതിയിലാണ് യോഗം ചേരുന്നത്.

✪✪✪✪✪✪✪✪✪✪✪✪

## DGMO BRIEFING (INTRO)

അതിർത്തിയിലെ വെടിനിർത്തൽ ധാരണ സംബന്ധിച്ച് ഇന്ന് ഇന്ത്യ-പാകിസ്ഥാൻ ഡിജിഎംഒ മാർ ചർച്ച നടത്തും. ഇന്ത്യൻ സൈന്യത്തിൻറെ ഡയറക്ടർ ജനറൽ മിലട്ടറി ഓപറേഷൻസ് ലെഫ്റ്റനൻറ് ജനറൽ രാജീവ് ഘൈ ഇന്നലെ ന്യൂഡൽഹിയിൽ വാർത്താ സമ്മേളനത്തിലാണ് ഇക്കാര്യം പറഞ്ഞത്. ഓപ്പറേഷൻ സിന്ദൂറിൻറെ ഭാഗമായി പാകിസ്ഥാനിലെയും പാക് അധീന കശ്മീരിലെയും ഒൻപത് ഭീകര കേന്ദ്രങ്ങളിൽ നടത്തിയ ആക്രമണങ്ങളിൽ നൂറിലധികം ഭീകരരെ വധിച്ചതായും രാജീവ് ഘൈ വ്യക്തമാക്കി. ഭീകര അടിസ്ഥാന സൗകര്യങ്ങൾ നശിപ്പിക്കാനാണ് സൈന്യം ലക്ഷ്യമിട്ടത്.

(വോയിസ്)

പാകിസ്ഥാൻ ഏതെങ്കിലും തരത്തിലുള്ള ലംഘനം നടത്തിയാൽ ശക്തമായി തിരിച്ചടിക്കാൻ കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി സൈനിക കമാൻഡർമാർക്ക് പൂർണ്ണ അധികാരം

നൽകിയിട്ടുണ്ടെന്നും ഡി.ജി.എം.ഒ വ്യക്തമാക്കി. വ്യോമസേനാ ഡയറക്ടർ ജനറൽ എയർ മാർഷൽ എ.കെ.ഭാരതി, നാവിക ഓപ്പറേഷൻസ് ഡയറക്ടർ ജനറൽ വൈസ് അഡ്മിറൽ എ എൻ പ്രമോദ് തുടങ്ങിയവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു. അതേസമയം വെടിനിർത്തലിന് ധാരണയായെങ്കിലും ഇന്ത്യയുടെ ഓപ്പറേഷൻ സിന്ദൂർ ഇപ്പോഴും തുടരുകയാണെന്ന് പ്രതിരോധ വിദഗ്ദ്ധൻ ലഫ്റ്റനന്റ് ജനറൽ രാജീവ് ചോപ്ര. തുടർ നടപടികൾ ഇരുരാജ്യങ്ങളുടേയും ഡി ജി എം ഒമാരുടെ ചർച്ചയ്ക്ക് ശേഷമുണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു.

**(voice)**

## NIA

ഖാലിസ്ഥാൻ പ്രവർത്തകനും 2016-ൽ നാഭ ജയിലിൽ നിന്ന് രക്ഷപ്പെട്ടവരിൽ പ്രധാനിയുമായ കശ്മീർ സിംഗ് ഗാൽവാഡിയെ എൻഐഎ അറസ്റ്റ് ചെയ്തു. ബീഹാറിലെ മോത്തിഹാരിയിൽ ലോക്കൽ പോലീസും എൻ ഐ എ യും സംയുക്തമായി നടത്തിയ ഓപ്പറേഷനിലാണ് അറസ്റ്റ്.

## ARMY-BORDER

ജമ്മു കശ്മീരിലും മറ്റ് അതിർത്തി പ്രദേശങ്ങളിലും കഴിഞ്ഞ രാത്രി സ്ഥിതിഗതികൾ സമാധാനപരമായിരുന്നുവെന്ന് ഇന്ത്യൻ സൈന്യം. അനിഷ്ട സംഭവങ്ങളൊന്നും തന്നെ റിപ്പോർട്ട് ചെയ്തിട്ടില്ല.

## CONGRESS- LETTER TO PM

ഇന്ത്യ - പാക് സംഘർഷത്തിൻറെ പശ്ചാത്തലത്തിൽ പാർലമെൻറിൻറെ പ്രത്യേക സമ്മേളനം ഉടൻ വിളിക്കണമെന്ന് ആവശ്യപ്പെട്ട് കോൺഗ്രസ് എം.പിയും ലോക്സഭാ പ്രതിപക്ഷ നേതാവുമായ രാഹുൽ ഗാന്ധി. പഹൽഗാം ഭീകരാക്രമണം, ഓപ്പറേഷൻ സിന്ദൂർ, വെടിനിർത്തൽ തുടങ്ങിയവ പാർലമെൻറ് ചർച്ച

ചെയ്യണമെന്നുള്ള പ്രതിപക്ഷത്തിൻറെ അഭ്യർത്ഥന, പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് അയച്ച കത്തിൽ ശ്രീ രാഹുൽ ഗാന്ധി അറിയിച്ചു.

✪✪✪✪✪✪✪✪✪✪✪✪

## BJP - OPERATION SINDOOR

ഭീകരതയെക്കെതിരെയുള്ള പോരാട്ടത്തിലെ നിർണായക സന്ദേശമാണ് ഓപ്പറേഷൻ സിന്ദൂറിലൂടെ ഇന്ത്യ ലോകത്തിന് നൽകിയിരിക്കുന്നതെന്ന് ബി ജെ പി വക്താവ് സംബിത് പത്ര. സൈന്യത്തിൻറെ ധീരതയാണ് ഈ ഓപ്പറേഷനിലൂടെ പ്രകടമായതെന്നും ഓരോ പൗരനും കരസേനയ്ക്ക് നന്ദി അറിയിക്കുന്നതായും അദ്ദേഹം ന്യൂഡൽഹിയിൽ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

✪✪✪✪✪✪✪✪✪✪✪✪

## PIB FACT CHECK

ഉധംപൂരിൽ കനത്ത സ്ഫോടനങ്ങൾ ഉണ്ടായെന്നും ജമ്മു കശ്മീരിലെ ചില പ്രദേശങ്ങളിൽ ഡ്രോണുകൾ കണ്ടതായും സമൂഹ മാധ്യമങ്ങളിൽ പ്രചരിക്കുന്ന വാർത്തകൾ തെറ്റാണെന്ന് കേന്ദ്രസർക്കാർ. അത്തരം വ്യാജ സന്ദേശങ്ങൾക്കെതിരെ ജാഗ്രത പാലിക്കണമെന്നും കൃത്യമായ വിവരങ്ങൾക്ക് ഔദ്യോഗിക സർക്കാർ ഉറവിടങ്ങളെ മാത്രം ആശ്രയിക്കണമെന്നും പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ ഫാക്ട് ചെക്ക് വിഭാഗം അറിയിച്ചു.

✪✪✪✪✪✪✪✪✪✪✪✪

## AIRPORT

ഇന്ത്യ - പാകിസ്ഥാൻ വെടി നിർത്തൽ നിലവിൽ വന്നതിൻറെ പശ്ചാത്തലത്തിൽ രാജ്യത്തുടനീളം താത്കാലികമായി അടച്ചിട്ടിരുന്ന 32 എയർപോർട്ടുകൾ തുറന്നു. അതിർത്തി പ്രദേശങ്ങളിൽ ആക്രമണം ശക്തമായതിനെ തുടർന്നാണ് വിമാനത്താവളങ്ങൾ അടച്ചത്. യാത്രാ വിമാനങ്ങളുടെ സർവീസ് ഉൾപ്പെടെ റദ്ദാക്കിയിരുന്നു.

✪✪✪✪✪✪✪✪✪✪✪✪

## DRONE BAN

തിരുവനന്തപുരം വിമാനത്താവളത്തിന്റെ മൂന്ന് കിലോമീറ്റർ ചുറ്റളവിൽ ഉൾപ്പെടെ തിരുവനന്തപുരത്തെ വിവിധ മേഖലകളിൽ ഡ്രോൺ പറത്തുന്നതിന് വിലക്ക്. ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷനാണ് വിലക്ക് ഏർപ്പെടുത്തിയത്. സംസ്ഥാന സർക്കാരിന്റെ ഉത്തരവ് പ്രകാരം ജില്ലയിലെ വിവിധ മേഖലകൾ നോ ഡ്രോൺ സോണായി പൊലീസും പ്രഖ്യാപിച്ചിട്ടുണ്ട്.

## NDMA- ADVISORY

അജ്ഞാതമായ സ്ഫോടകവസ്തുക്കൾ കണ്ടാൽ ജാഗ്രത പാലിക്കണമെന്ന് ദേശീയ ദുരന്ത നിവാരണ അതോറിറ്റി ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകി. എന്തെങ്കിലും അജ്ഞാത വസ്തുക്കൾ കണ്ടാൽ ഉടൻ തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അറിയിക്കണമെന്നും എൻ.ഡി.എം.എ നിർദേശിച്ചു.

## VIRAT KOHLI

ഇന്ത്യയുടെ ബാറ്റിങ് വിസ്മയം വിരാട് കോലി ടെസ്റ്റ് ക്രിക്കറ്റിൽനിന്ന് വിരമിച്ചു. ഇൻസ്റ്റഗ്രാമിലൂടെയാണ് വിരമിക്കൽ തീരുമാനം അറിയിച്ചത്. കഴിഞ്ഞവർഷം ടി- ട്വന്റിയിൽ നിന്ന് വിരമിച്ച കോലി ഇനി അന്താരാഷ്ട്ര ക്രിക്കറ്റിൽ ഏകദിനത്തിൽ മാത്രമാണ് ഉണ്ടാവുക.

14 വർഷം നീണ്ട കരിയറിൽ ഇന്ത്യക്കായി 123 ടെസ്റ്റുകൾ കളിച്ച കോലി 30 സെഞ്ച്വറിയുടെ തിളക്കത്തോടെ 9,230 റൺസ് നേടി. ഏഴ് ഇരട്ടസെഞ്ച്വറിയും ഇതിൽ ഉൾപ്പെടുന്നു. ഇന്ത്യയെ ഏറ്റവും കൂടുതൽ ടെസ്റ്റ് ജയങ്ങളിലേക്ക് നയിച്ച ക്യാപ്റ്റനാണ് കളംവിടുന്നത്. തീരുമാനം എളുപ്പമായിരുന്നില്ലെന്നും, എന്നാൽ ഉചിതമാണെന്നും അദ്ദേഹം വിരമിക്കൽ കുറിപ്പിൽ പറഞ്ഞു.

## INTERNATIONAL NURSE DAY

ഇന്ന് അന്താരാഷ്ട്ര നഴ്സസ് ദിനം. ആധുനിക നഴ്സിംഗിന്റെ സ്ഥാപകയായ ഫ്ലോറൻസ് നൈറ്റിംഗേലിന്റെ ജന്മദിനമാണ്

ലോകമെമ്പാടും നഴ്സസ് ദിനമായി ആചരിക്കുന്നത്. ജനങ്ങളെ സേവിക്കുന്നതിനായി സ്വന്തം ജീവിതം സമർപ്പിച്ച നഴ്സുമാരെ ശക്തിപ്പെടുത്തുകയും സംരക്ഷിക്കുകയും ചെയ്യണമെന്ന് കേന്ദ്ര ആരോഗ്യമന്ത്രി ജെ.പി.നഡ്ഡ സമൂഹ മാധ്യമത്തിൽ കുറിച്ചു.

✪✪✪✪✪✪✪✪✪✪✪✪

## NURSE DAY - HEALTH MINISTER

സംസ്ഥാന നഴ്സസ് ദിനാഘോഷം മന്ത്രി വീണ ജോർജ് ഇന്ന് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. നഴ്സുമാർക്കുള്ള സംസ്ഥാനതല **സിസ്റ്റർ ലിനി പുതുശ്ശേരി** അവാർഡ് ആരോഗ്യ മന്ത്രി പ്രഖ്യാപിച്ചു. ജനറൽ നഴ്സിംഗ് വിഭാഗത്തിൽ സംസ്ഥാനതല പുരസ്കാരം ഇടുക്കി ജില്ലാ ആശുപത്രി നഴ്സിംഗ് ഓഫീസർ അരുൺകുമാർ പിഎം, പബ്ലിക് ഹെൽത്ത് നഴ്സിംഗ് വിഭാഗത്തിലെ സംസ്ഥാനതല പുരസ്കാരം ഇടുക്കി വാളറ ദേവിയാർ കുടുംബാരോഗ്യ കേന്ദ്രത്തിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ജി. ജോൺ എന്നിവർക്ക് ലഭിച്ചു.

✪✪✪✪✪✪✪✪✪✪✪✪

## KPCC - SUNNY JOSEPH

കെപിസിസി അധ്യക്ഷനായി സണ്ണി ജോസഫ് എംഎൽഎ ചുമതലയേറ്റു. മുൻ അധ്യക്ഷൻ കെ.സുധാകരൻ, സണ്ണി ജോസഫിന് ചുമതല കൈമാറി. കെ.പി.സി.സി വർക്കിംഗ് പ്രസിഡന്റുമാരായി പി.സി.വിഷ്ണുനാഥ്, എ.പി.അനിൽകുമാർ, ഷാഫി പറമ്പിൽ എന്നിവരും യു.ഡി.എഫ് കൺവീനറായി അടൂർ പ്രകാശും സ്ഥാനമേറ്റു. തിരുവനന്തപുരത്ത് കെ.പി.സി.സി ആസ്ഥാനത്ത് നടന്ന ചടങ്ങിൽ എ.ഐ.സി.സി സംഘടനാ ചുമതലയുള്ള ജനറൽ സെക്രട്ടറി കെ.സി.വേണുഗോപാൽ, പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ, ശ്രീ രമേശ് ചെന്നിത്തല, കോൺഗ്രസ് പ്രവർത്തക സമിതി അംഗങ്ങൾ തുടങ്ങിയവർ സംബന്ധിച്ചു.

✪✪✪✪✪✪✪✪✪✪✪✪

## SENSEX + GOLD

ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള സംഘർഷങ്ങൾക്ക് അയവ് വന്നതിനെ തുടർന്ന് ഇന്ത്യൻ ഓഹരി വിപണികളിൽ ശക്തമായ കുതിപ്പ്. സെൻസെക്സ് 2,524 പോയിൻറ് ഉയർന്ന് 81,993 ലും നിഫ്റ്റി 793 പോയിന്റ് വർദ്ധിച്ച് 24,795 ലും വ്യാപാരം തുടരുന്നു. സ്വർണ വില കുറഞ്ഞു. സ്വർണം ഗ്രാമിന് 165 രൂപ കുറഞ്ഞ് 8,880 രൂപയും, പവന് 1,320 രൂപ താഴ്ന്നു 71,040 രൂപയുമാണ് ഇന്നത്തെ വില.

✡✡✡✡✡✡✡✡✡✡✡✡

## BLA-BALOCHISTAN

ബലൂചിസ്ഥാനിലെ 51 ഇടങ്ങളിലായി നടന്ന 71 ഏകോപിത ആക്രമണങ്ങളുടെ ഉത്തരവാദിത്തം ഏറ്റെടുത്ത് ബലൂച് ലിബറേഷൻ ആർമി. ലഷ്കർ-ഇ-തൊയ്ബ, ജെയ്ഷെ-ഇ-മുഹമ്മദ്, IS IS തുടങ്ങിയ ഭീകര സംഘടനകളുടെ പ്രധാന കേന്ദ്രമാണ് പാകിസ്ഥാനെന്ന് അവർ അഭിപ്രായപ്പെട്ടു. നിലവിലെ അക്രമ സംഭവങ്ങൾ പതിറ്റാണ്ടുകളായി നടന്നുവരുന്ന വിമോചന സമരത്തിൻറെ തുടർച്ചയാണെന്നും B L A വ്യക്തമാക്കി.

✡✡✡✡✡✡✡✡✡✡✡✡

## US PREZ-DRUG PRICES

അമേരിക്കയിൽ പ്രിസ്ക്രിപ്ഷൻ ഡ്രഗുകളുടെയും ഫാർമസ്യൂട്ടിക്കലുകളുടെയും വില 30 മുതൽ 80 ശതമാനം വരെ കുറയ്ക്കുമെന്ന് പ്രഖ്യാപിച്ച് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. ഇതുസംബന്ധിച്ച ഉത്തരവിൽ ഇന്ന് ഒപ്പുവയ്ക്കും .പുതിയ തീരുമാനം രാജ്യത്തെ ജനങ്ങൾക്ക് വലിയ ആശ്വാസമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

✡✡✡✡✡✡✡✡✡✡✡✡

## JAISHANKAR - EGYPT

വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ ഈജിപ്റ്റ് വിദേശകാര്യ മന്ത്രി ബദർ അബ്ദേലട്ടിയുമായി ടെലിഫോൺ സംഭാഷണം നടത്തി. ഇന്ത്യ - പാക് സംഘർഷം സംബന്ധിച്ച് ഇരുവരും സംസാരിച്ചു. ഭീകരതയോട് സഹിഷ്ണുതയില്ലാത്ത നിലപാട് സ്വീകരിക്കേണ്ടതിൻറെ പ്രാധാന്യം എടുത്തുപറഞ്ഞതായി ശ്രീ ജയ്ശങ്കർ സമൂഹമാധ്യമത്തിൽ കുറിച്ചു.

## KHELO INDIA

ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിൽ, 30 സ്വർണ്ണവും 25 വെള്ളിയും ഉൾപ്പെടെ 80 മെഡലുകളുമായി മുന്നേറ്റം തുടർന്ന് മഹാരാഷ്ട്ര. 42 മെഡലുകളുമായി കർണാടക രണ്ടാം സ്ഥാനത്തും 24 മെഡലുകളുമായി രാജസ്ഥാൻ മൂന്നാം സ്ഥാനത്തുമാണ്. ഗെയിംസിൻറെ ഒമ്പതാം ദിവസമായ ഇന്ന് ബോക്സിംഗ്, ടെന്നീസ്, ഫെൻസിംഗ് തുടങ്ങിയ മത്സരങ്ങൾ നടക്കും.

## BUDDHA PURNIMA- PRESIDENT, VP

ഇന്ന് ബുദ്ധപൂർണ്ണിമ. ഗൗതമ ബുദ്ധൻറെ ജനനത്തിൻറെയും, ബോധ്ഗയയിൽ അദ്ദേഹം നിർവാണം പ്രാപിച്ച ദിവസത്തിൻറെയും സ്മരണയ്ക്കാണ് വിശ്വാസികൾ ബുദ്ധപൂർണിമ ആഘോഷിക്കുന്നത്. ബുദ്ധപൂർണിമ ദിനത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്രമോദി തുടങ്ങിയവർ ആശംസകൾ നേർന്നു.